**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3292** **25-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് താലൂക്കിൽ ചേവായൂർ വില്ലേജിന് സ്വന്തമായി ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്കിൽ ചേവായൂർ വില്ലേജിന് സ്വന്തമായി ആരെങ്കിലും ഭൂമി വിട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഏറ്റെടുക്കൽ പ്രക്രിയയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ചേവായൂർ വില്ലേജ് ഓഫീസ് നിലവിൽ സ്വന്തമായി നവീകരിച്ച കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. എന്നാൽ കോഴിക്കോട് താലൂക്കിലെ ചെലവൂർ വില്ലേജിന് സ്വന്തമായി കെട്ടിടമില്ലാത്ത സാഹചര്യത്തിൽ ആയതിന് ഭൂമി വിട്ടു കിട്ടിയിട്ടുള്ളതാണ്. ചെലവൂർ വില്ലേജിന് വേണ്ടി ഭൂമി വിട്ടൊഴിയുന്നതിന് കേരള ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം ശ്രീ ജയദാസൻ എന്നവർ കോഴിക്കോട് ഭൂരേഖ തഹസിൽദാരുടെ റിപ്പോർട്ട് സഹിതം സമർപ്പിച്ച അപേക്ഷയിൽ ഫോറം സി നോട്ടീസ് പുറപ്പെടുവിച്ച് താലൂക്കാഫീസിലും ചെലവൂർ വില്ലേജ് ഓഫീസിലും പ്രസ്തുത വിട്ടൊഴിയൽ ഭൂമിയുടെ വക സ്ഥലത്തും പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സബ് കളക്ടർ കോഴിക്കോട് സ്വീകരിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത സ്ഥലത്ത് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ; | (ബി) | ഇല്ല. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിൽ മാത്രമേ ഫണ്ട് അനുവദിക്കുവാൻ നിർവ്വാഹമുള്ളു |
| (സി) | പ്രസ്തുത വില്ലേജ് ഓഫീസിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | ഇല്ല. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിൽ മാത്രമേ ഫണ്ട് അനുവദിക്കുവാൻ നിർവ്വാഹമുള്ളു |

സെക്ഷൻ ഓഫീസർ